എമ്മാവൂസ്
വചനദൂത്
Vol. IX Issue :8



കൈത്താക്കാലം
അഞ്ചാം ഞായർ

# ധനവാനും ലാസറും

*ലൂക്കാ 16: 19-30*

ഡീക്കൻ സിനോജ് ഇരട്ടകാലായിൽ

ദിവ്യകാരുണ്യയീശോയിൽ ഏറെ സ്നേഹം നിറഞ്ഞവരെ,

ഈ ഭൂമിയിൽ ധനികനായിരുന്നിട്ടും സ്വർഗത്തിൽ തനിക്കായി നിക്ഷേപം കണ്ടെത്താൻ കഴിയാതെ പോയ ഒരു ധനവാന്റെയും, ദരിദ്രനായിരുന്നിട്ടും ബാങ്കുകളായ ബാങ്കുകളിലൊന്നും ഫിക്സഡ് ഡിപ്പോസിറ്റുകളില്ലാതിരുന്നിട്ടും സ്വർഗത്തിൽ തനിക്കായൊരു ഇടം കണ്ടെത്തിയ ലാസറിന്റെയും ഇഹ-പര ലോകജീവിതത്തെ ഇന്ന് നമുക്ക് മുൻപിൽ അവതരിപ്പിക്കുമ്പോൾ പങ്കുവയ്ക്കപ്പെടേണ്ട ക്രിസ്ത്യാനിയുടെ ജീവിത വിളിയെപ്പറ്റി നമ്മെ ഓർമ്മപ്പെടുത്തുകയാണ് അവിടുന്ന്; സ്വർഗ്ഗത്തിൽ ഒരു ഇടം കണ്ടെത്തുക എന്നൊരു ആഹ്വാനവുമായി.

ജീവിതത്തെ വിശേഷിപ്പിക്കാൻ വി.ഗ്രന്ഥം ഉപയോഗിക്കുന്ന ഏറ്റവും ശക്തമായ പ്രതീകം യാത്രയുടേതാണ്. നമ്മുടെ ഒരു യാത്രയും അവസാനിക്കുന്നില്ലെന്നാണ് സത്യം. പറുദീസാ ലക്ഷ്യമാക്കിയുള്ള ഈ യാത്രയുടെ നിർണ്ണായകമായ കവാടമാണ് മരണം. ഈ മരണത്തെ ജീവിതയാത്രയുടെ അവസാനമായി കരുതി ഭയത്തിനും നിരാശയ്ക്കും ദുഃഖത്തിനും അടിപ്പെടാതെ മരണത്തിനുമപ്പുറമുള്ള നിത്യസത്യങ്ങൾ തിരിച്ചറിഞ്ഞ് അവിടേയ്ക്കായൊരു ഇടമൊരുക്കേണ്ടതിനെക്കുറിച്ച് നമ്മെയോരോരുത്തരെയും ഓർമ്മപ്പെടുത്തുന്ന ഉപമയാണ് നാമിന്ന് വായിച്ചുകേട്ട ധനവാന്റെയും ലാസറിന്റെയും ഉപമ. മരണത്തിനപ്പുറം എന്താണ് എന്ന ആകാംക്ഷയ്ക്കും സംശയത്തിനും മരണത്തെപ്പോലും തോല്പിച്ചവൻ നൽകുന്ന ഉത്തരമാണിത്. നിത്യജീവൻ സ്വന്തമാക്കാൻ ഇഹലോക ജീവിതത്തെ നാം എപ്രകാരം ക്രമപ്പെടുത്തണമെന്നുള്ള മുന്നറിയിപ്പുകൂടിയാണിത്.

ഉപമ രണ്ട് രംഗങ്ങളിലായിട്ടാണ് വി.ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യരംഗം മരണപൂർവ്വരംഗവും രണ്ടാമത്തേത് മരണനാനന്തരരംഗവുമാണ്. ആദ്യരംഗം ഭൂമിയിലാണെങ്കിൽ രണ്ടാം രംഗം അഭൗമികമാണ്. ആദ്യരംഗത്തിലെ ദുരന്ത കഥാപാത്രമായ ലാസർ. രണ്ടാം രംഗത്തിലെ ആനന്ദകഥാപാത്രവും, ഒന്നാം രംഗത്തിലെ ആനന്ദകഥാപാത്രമായ ധനവാൻ രണ്ടാംരംഗത്തിൽ

നിസ്സഹായനുമാണ്. ഈ ലോകമൂല്യങ്ങളും പരലോക മൂല്യങ്ങളും തമ്മിലുള്ള അന്തരമാണ് ഈശോ വ്യക്തമാക്കുന്നത്. ഈ ലോകത്തിലെ നേട്ടങ്ങളോ സൗഭാഗ്യങ്ങളോ വിജയങ്ങളോ പരലോക ആനന്ദത്തിന്റെ മാനദണ്ഡങ്ങളേയല്ലാ എന്ന് ഈശോ തന്നെ പ്രഖ്യാപിക്കുകയാണ്.

ധനവാന്റെയും ലാസറിന്റെയും കഥ വ്യാഖ്യാനിച്ചുകൊണ്ടാണ് കാൾ മാർക്സ് മതത്തെ മനുഷ്യനെ മയക്കുന്ന കറുപ്പായി നിർവചിച്ചത്. പരലോകത്ത് സൗഭാഗ്യം കിട്ടും എന്നതിനാൽ ലോകത്തിലെ സർവ്വ അന്യായങ്ങളും ചൂഷണങ്ങളും അക്രമങ്ങളും നിർവികാരരായി സഹിക്കാൻ മതങ്ങൾ ദരിദ്രരെ പരിശീലിപ്പിക്കുന്നു എന്നതായിരുന്നു ഈ ആരോപണത്തിന്റെ കാതൽ. എന്നാൽ ധനവാന്റെയും ലാസറിന്റെയും കഥയിലൂടെ അവിടുന്ന് പറഞ്ഞുവയ്ക്കുന്ന സന്ദേശങ്ങൾ മാർക്സിയൻ ആശയത്തിന് കടകവിരുദ്ധമായ വസ്തുതകളാണ്. ദരിദ്ര ലാസറിനെ നിർവികാരനായി സഹിക്കാൻ അനുവദിക്കുന്നതിനെക്കാളേറെ പങ്കുവയ്ക്കാത്ത ധനികനെ വിമർശിക്കുകയാണ് ഈ ഉപമ. ഒപ്പം മരണത്തിനപ്പുറമുള്ള ഒരു ജീവിതവും സൗഭാഗ്യവും കണ്ണഞ്ചിപ്പിക്കുന്ന മനുഷ്യനെ മയക്കുന്ന മോഹനവാഗ്ദാനങ്ങളല്ലായെന്നും മരണവും വിധിയും സ്വർഗ-നരകാവസ്ഥകളും ഓരോ വ്യക്തിയേയും കാത്തിരിക്കുന്ന സുനിശ്ചിത യാഥാർത്ഥ്യങ്ങളാണെന്നുമുള്ള ഓർമ്മപ്പെടുത്തലുകൂടിയാണ് ഈ ഉപമ.

ധനികന് സമ്പത്ത് നൽകിയതും ലാസറിനെ ദരിദ്രനായി ധനികന്റെ പടിവാതിൽക്കൽ കിടത്തിയതും ദൈവം തന്നെയാണ്. എന്നാൽ ധനികന് മറ്റൊരു ദൗത്യം കൂടി ദൈവം നൽകിയിരുന്നു. അത് ലാസറിനെ തന്റെ സുഭിക്ഷമായ ഭക്ഷണമേശയിൽനിന്ന് വീഴുന്ന എച്ചിലുകൾകൊണ്ട് വിശപ്പടക്കാൻ അനുവദിക്കുക എന്നതായിരുന്നില്ല. മറിച്ച് കരുണയുടെ ഹൃദയവുമായി അവനെ സമീപിക്കാനും തന്റെ ഭവനത്തിലേക്ക് അവനെ സ്വീകരിച്ചുകൊണ്ട് തനിക്കുള്ളത് അവനുമായി പങ്കുവയ്ക്കാനുമായിരുന്നു. തന്റെ പടിവാതിൽക്കൽ കിടന്ന് നരകിക്കേണ്ടവനല്ല ലാസർ മറിച്ച് തന്റെ സമ്പത്തിന്റെ ഓഹരി അനുഭവിക്കാൻ അവകാശപ്പെട്ടവനാണ് അവനെന്ന തിരിച്ചറിവിലേക്ക് കടന്ന് വരാതെ പോയതാണ്, മറികടക്കാനാകാത്ത ഗർത്തം തീർത്തുകൊണ്ട് നിത്യനാശത്തിന്റെ പടുകുഴിയിലേക്ക് വീഴാൻ ധനികന് കാരണമായത്.

എന്നും വില കൂടിയതും രുചി കൂടിയതുമായവ സ്റ്റാർ ഹോട്ടലുകളിൽനിന്ന് മാത്രം കഴിക്കുന്നവർ ചിലപ്പോൾ ഒരു പാവപ്പെട്ടവന്റെ ഒരു വർഷത്തെ ഭക്ഷണച്ചെലവിനെക്കാൾ വലിയ തുക ചെലവഴിക്കാറുണ്ട്. ഒരു രാത്രി തങ്ങുന്ന മുറിക്ക് പതിനായിരങ്ങൾ വാടക നൽകാനും വീടിനു ചുറ്റും മതിലുകൾ കെട്ടിപ്പൊക്കാൻ ലക്ഷങ്ങൾ മുടക്കാനും സമ്പന്നന് മടിയില്ല. ചോരുന്ന വീടൊന്ന് പുതുക്കിപ്പണിയുവാൻ ദരിദ്രന് അതിന്റെ നാലിലൊന്നുകൊണ്ട് കഴിയുമായിരുന്നു. അരക്കോടിക്കു മുകളിൽ വിലയുള്ള ആഡംബരക്കാറുകളിൽ നിരത്തുകളിലെ സിഗ്നൽ കാത്ത് കിടക്കുമ്പോൾ അരച്ചാൺ വയറുതടവി കൈനീട്ടുന്ന ദിരദ്രജന്മങ്ങൾക്കു നേരെ ചില്ലുതാഴ്ത്താൻ പോലും മെനക്കെടാത്തവർ ഇന്ന് നമുക്ക് ചുറ്റുംതന്നെ സർവ്വസാധാരണമാണ്. ദൈവതിരുമുമ്പിൽ പേരുകളില്ലാത്ത ഭോഷന്മാരായ ധനികരാണവരൊക്കെ.

ദൈവം ഒരുവന് ജ്ഞാനം നല്കുന്നത് അനേകരെ ജ്ഞാനികളെക്കാൻ വേണ്ടിയാണ്. ദൈവം ഒരാൾക്ക് ദീപം കൊളുത്തിക്കൊടുക്കുന്നത് അനേകരെ പ്രകാശം കാണിക്കാനാണ്. ഒരാൾക്ക് വിജയം നൽകുന്നത് അനേകർക്ക് വിജയത്തിന്റെ വഴി പറഞ്ഞുകൊടുക്കാനാണ്. സമ്പത്തിന്റെ കാര്യവും ഇങ്ങനെ തന്നെ. പങ്കുവയ്ക്കാത്ത ധനം നാശകാരണമാകുമെന്നാണ് ഭോഷനായ ധനികന്റെ ഉപമയിലൂടെ ഈശോ നമ്മെ പഠിപ്പിച്ചിട്ടുള്ളതുമാണ്.

നമുക്ക് ദൈവം ദാനമായി തന്നത് അത് എന്തുമായിക്കൊള്ളട്ടെ. നമ്മുടെ സമയവും, കഴിവും, ആരോഗ്യവും, മറ്റ് യോഗ്യതകളും നേട്ടങ്ങളുമെല്ലാം ദൈവം നമുക്ക് നൽകുന്ന സമ്പത്താണ്. അവയൊന്നും നാം നമുക്ക് ചുറ്റുമുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അവരെ പരിഗണിക്കുന്നില്ലെങ്കിൽ ഞാനും നിങ്ങളുമൊക്കെ ദൈവതിരുമുമ്പിൽ പേരുകളില്ലാത്ത ദൈവരാജ്യത്തിൽ ഇടമില്ലാത്ത ഭോഷന്മാരായ ധനികരായിത്തീരുകയായിരിക്കും ചെയ്യുക.

വി.ഗ്രന്ഥത്തിൽ തോബിത്തിന്റെ പുസ്തകത്തിലൂടെ ദൈവം അരുളിച്ചെയ്യുന്നുണ്ട്. "സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക; എന്തെന്നാൽ ദാനധർമ്മം മൃത്യുവിൽനിന്ന് രക്ഷിക്കുകയും അന്ധകാരത്തിൽ പെടുന്നതിൽനിന്ന് കാത്തുകൊള്ളുകയും ചെയ്യുന്നു." വീണ്ടും സുവശേഷത്തിൽ ഈശോ പറയുന്നുണ്ട് "കൊടുക്കുവിൻ നിങ്ങൾക്കും കിട്ടും. അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിലിട്ടു തരും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്ന് കിട്ടും." (ലൂക്കാ. 6:38).

സ്നേഹമുള്ളവരേ നമുക്കും പരിശ്രമിച്ച് തുടങ്ങാം. സ്നേഹത്തിന്റെ പുഞ്ചിരിയുമായി സഹോദരങ്ങളിലേക്ക് അവരുടെ ആവശ്യങ്ങളിലേക്ക് കടന്ന് ചെല്ലാൻ... സാന്നിധ്യം കൊണ്ടും സഹായം കൊണ്ടും നമുക്ക് ചുറ്റുമുള്ള ലാസർമാരെ പരിഗണിച്ച് തുടങ്ങാൻ അത് നിത്യജീവിതത്തിലേക്കുള്ള നമ്മുടെ നിക്ഷേപമായിരിക്കും. ഇഹലോകത്തിലെ ഈ ജീവിതംകൊണ്ട് ദൈവതിരുമുൻപിലൊരു പേരും സ്വർഗത്തിലൊരിടവും ഉറപ്പിക്കുന്നതായിരിക്കും അത്.

ക്രിസ്ത്യാനിയുടെ ജീവിതകേന്ദ്രമായ വി.കുർബ്ബാന പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെ പകരങ്ങളില്ലാത്ത അടയാളമാണ്. എനിക്കുവേണ്ടി, നമുക്കുവേണ്ടി സ്വജീവൻ പോലും പങ്കുവച്ചവനാണ് ഈ കുർബ്ബാനയിൽ വസിക്കുന്നത്. അവനെ നാവിലും ഹൃദയത്തിലും സ്വീകരിക്കുന്ന നമ്മുടെ ജീവിതങ്ങളും പങ്കുവയ്ക്കപ്പെടുന്ന സ്നേഹത്തിന്റെ ജീവിക്കുന്ന അടയാളങ്ങളായിത്തീരണം. നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും തീരുമാനമെടുക്കുകയും ചെയ്യാം.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.